# മാനവഐക്യത്തിനുള്ള ഏകമാർഗ്ഗം സ്നേഹം

## (മനം മാറ്റവും മതംമാറ്റവും)

-ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ്

### 'സച്ചിതാനന്ദനും അല്ലാഹുവും സ്വർഗ്ഗസ്ഥപിതാവുമായ ദൈവത്തിന് നന്ദി.'

മനുഷ്യൻ അറിവും അനുഭവവും കൊണ്ട് വളർന്നുകഴിഞ്ഞു. ഓരോ നൂറ്റാണ്ടുകളും ഉയർച്ചയുടെയും വളർച്ചയുടെയും കൊടുമുടിയിലാണ്. ഒരു വശത്ത് പുരോഗതിയെങ്കിൽ മറുവശത്ത് മനുഷ്യൻ മാനവീകതയിൽ നിന്നും സ്നേഹത്തിൽനിന്നും മൂല്യങ്ങളിൽ നിന്നും അന്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിന്റെ മൂർത്തീഭാവമാണ് ഇപ്പോൾ വടക്കേ ഇന്ത്യയിൽ പ്രത്യേകിച്ച് ഒറീസ്സയിൽ നടമാടിക്കൊണ്ടിരിക്കുന്ന മതവർഗ്ഗീയതയും മതതീവ്രവാദവും. മതസഹിഷ്ണതയുടെയും മതമൈത്രിയുടെയും പുണ്യഭൂമിയായ ഭാരതം ഇന്ന് വർഗ്ഗീയതയുടെ ചോരക്കളമായി മാറിക്കൊണ്ടിരിക്കുന്നു. മതം വ്യക്തിജീവിതത്തിൽ അഭ്യസിക്കാനുള്ളതാണെന്നും വഴക്കിനുള്ളതല്ലെന്നുമുള്ള തത്വം അറിഞ്ഞുകൂടാത്തവർ അഥവാ ഭക്തിയുടെ താണപടിയിൽ നിൽക്കുന്നവർ മതഭ്രാന്തന്മാരായിതീരുന്നു. ഓരോരുത്തനും തന്റെ ഉള്ളിലുള്ള ആരാധനാലയം തകർത്തശേഷമാണ് മറ്റുള്ളവരുടെ ദേവാലയങ്ങൾ തകർക്കാൻ ഒരുങ്ങുന്നത്. ഓരോരുത്തരുടെയും ഉള്ളിൽ ഈശ്വരൻ അധിവസിക്കുന്നുവെന്നുള്ള തത്വം ഓർത്തിരുന്നാൽ ഈശ്വരചൈതന്യം തുളുമ്പുന്ന അന്യരെ അവർ ഏതു മതവിഭാഗത്തിൽപ്പെട്ടവരായിരുന്നാലും വേദനിപ്പിക്കാനൊരുങ്ങുകയില്ല. ബൗദ്ധരുടെ ബുദ്ധനും, ജൂതരുടെ യഹോവയും, ഹൈന്ദവരുടെ ബ്രഹ്മവും, ഇസ്ലാമിന്റെ അല്ലാഹുവും, ക്രിസ്ത്യാനികളുടെ സ്വർഗ്ഗസ്ഥപിതാവ് ഏകമെന്നു പ്രാർത്ഥിച്ച ഭാരതീയ ആചാര്യന്മാർ ഈ ചോരക്കളം കണ്ട് വിലപിക്കുന്നുണ്ടാവണം. ***'സത്യം വദ ധർമ്മം ചര, അഹിംസാ പരമോ ധർമ്മഃ'***, ***'ലോകാസമസ്താ സുഖിനോ ഭവന്തു'*** എന്നിങ്ങനെയുള്ള ആപ്തവാക്യങ്ങളെല്ലാം ആധുനിക ഭാരതത്തിൽ നിന്ന് അപ്രസക്തങ്ങളായിക്കൊണ്ടിരിക്കുന്നു.

2008 സെപ്റ്റംബർ 9 ചൊവ്വാഴ്ചയിലെ മാതൃഭൂമി ദിനപ്പത്രത്തിൽ വന്ന ശ്രീ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ 'ഒറീസ്സ ആത്മപരിശോധനവേണം' എന്ന വിജ്ഞാനപ്രദമായ ലേഖനം ഈ ലേഖകൻ വായിച്ചപ്പോൾ വളരെ സന്തോഷം തോന്നി. അതിൽ അദ്ദേഹം ഉച്ചരിച്ചിരിക്കുന്ന ചില വാചകങ്ങൾ വേദങ്ങളിൽ നിന്നുള്ള ആഴമായ സത്യങ്ങളാണ്. ***'മാമാ ഹിംസി'*** (അരുതേ കൊല്ലരുതേ), ***'മാഹിംസിഃ പുരുഷം ജഗത്'*** (ഈശ്വരമയമാണ് പ്രാണികൾ, കൊല്ലരുത്). ഇതുതന്നെയാണ് പത്തുകൽപ്പനകളിൽ ആറാമത്തെ കൽപ്പന 'കൊല ചെയ്യരുത്'. കൊല ചെയ്യുവാൻ അനുവധിക്കുന്ന യാതൊരു പഠിപ്പിക്കലും ഒരു മതവേദത്തിന്റേയും ആഴത്തിലില്ല. അതാതുവേദങ്ങളെ മതമൗലികവാദികൾ കാര്യമായി എടുക്കാതെ ചില ഭാഗങ്ങൾ മാത്രം ഉച്ചരിച്ച് ഹിംസനടത്തുകയത്രെ ചെയ്യുന്നത്. പഞ്ചപാണ്ഡവന്മാർ കൗരവരെ കൊന്നത് ഹിംസയായിട്ടല്ല മഹാത്മഗാന്ധിജി വ്യാഖ്യാനിച്ചിരിക്കുന്നത്. മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളാകുന്ന പാണ്ഡവന്മാർ തിന്മയാകുന്ന കൗരവരെ തോൽപ്പിക്കുന്ന സംഭവമായിട്ടാണ് കുരുക്ഷേത്രയുദ്ധത്തെ അദ്ദേഹം കാണുന്നത്. ഇതുപോലെ വിശുദ്ധ ഖുറാനിലും ഹിംസിക്കരുതെന്ന കൽപ്പനയുണ്ട്. എന്നാൽ അവരവരുടെ മതത്തെ ഇഷ്ടംപോലെ വ്യാഖ്യാനിച്ച് ഹിംസയും വർഗ്ഗീയതയും നിലനിർത്തുന്ന ചരിത്രമാണ് ലോകചരിത്രത്തിൽ കാണുന്ന യുദ്ധങ്ങളും ശത്രുതയും എന്ന് നിസ്സംശയം പറയാം.

ക്രിസ്തുഭഗവാൻ പുറജാതിയായ ശതാധിപനെപ്പറ്റി യിസ്രായേലിൽ പോലും ഇത്രവലിയ വിശ്വാസം കണ്ടിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു (മത്താ. 8:10), അതുപോലെതന്നെ പുറജാതിയായ കനാന്യസ്ത്രീയോട് നിന്റെ വിശ്വാസം വലിയത് നിന്റെ ഇഷ്ടംപോലെ നിനക്കുഭവിക്കട്ടെ എന്നുപറഞ്ഞ് അവളുടെ മകളെ സൗഖ്യപ്പെടുത്തി (മത്താ. 15:28). നല്ല ശമര്യാക്കാരന്റെ ഉപമയിലും യഹൂദന്റെ മുറിവുകെട്ടിയതും പുറജാതിക്കാരനായ ശമര്യാക്കാരനാണ്. യേശുക്രിസ്തു ദൈവരാജ്യസ്ഥാപനമാണ് തന്റെ ആദർശമായി പഠിപ്പിച്ചതും ജീവിച്ചതും മരിച്ചതും. കുരിശിൽ കിടന്നുകൊണ്ട് 'പിതാവേ ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ' എന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി യൂദായ്ക്കുപോലും മരണാനന്തരം അനുതപിച്ചാൽ രക്ഷ കിട്ടുമെന്ന് വേദപുസ്തകവും സഭാപിതാക്കന്മാരും പഠിപ്പിക്കുന്നു. നിത്യനരകം ഉണ്ടെങ്കിൽ ദൈവത്തിനുമാത്രമല്ലല്ലോ നിത്യതയുള്ളത്; പിശാചിനും നിത്യതയുണ്ടല്ലോ. അപ്പോൾ ദൈവം ദൈവമല്ലാതെവരും. കുറെ നന്മയും തിന്മയുമുള്ള മനുഷ്യരിൽ ആരെയെങ്കിലും നിത്യനരകത്തിൽ ഇടാൻ സാധിക്കുമോ?.

പിശാച് അന്ധകാരമാണ്. ഇരുൾ ഉണ്ടാവട്ടെ എന്ന് ദൈവം പറഞ്ഞില്ല. എന്നാൽ ആരംഭമില്ലാത്ത പിശാചിന് അവസാനമുണ്ട്. പിശാച് നിത്യ തീപൊയ്കയിൽ എരിയപ്പെടും. നീതിസൂര്യനായ ത്രീയേക ദൈവത്തിന്റെ ഉണ്മ സ്നേഹമാണെന്ന് സൂര്യരശ്മിയാകുന്ന പുത്രൻ തമ്പുരാൻ പഠിപ്പിക്കുന്നു. ചൂട് ശുദ്ധീകരിക്കുന്നതാണെന്ന് പരിശുദ്ധാത്മാവ് പഠിപ്പിക്കുന്നു. നരകത്തിൽകൂടി എല്ലാവരേയും ശുദ്ധീകരിച്ച് ദുഷ്ടന്മാർക്കും നീതിമാന്മാർക്കും രക്ഷ നൽകുന്നവനാണ് ദൈവം. പിശാചിനെപ്പോലെ ദൈവമുണ്ടെന്ന് വിശ്വസിച്ച് വിറയ്ക്കുന്ന ആളുകൾ തെറ്റായ ദൈവവിശ്വാസം ഉള്ളവരാണ്. ദൈവം വിറപ്പിക്കുന്ന സിംഹമല്ല, സ്നേഹിക്കുന്ന ദൈവമാണ്. ആ ദൈവം ശത്രുത അവസാനിപ്പിച്ച് എല്ലാവരേയും മിത്രങ്ങളാക്കും.

'മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന് ശ്രീനാരായണ ഗുരു പറഞ്ഞത് മതങ്ങളുടെ ഉദ്ദേശം മനുഷ്യനെ നന്നാക്കുക എന്നതാണെന്നും മനുഷ്യനെ നന്നാക്കുന്ന മതത്തിലേക്ക് ചേരുവാനുള്ള സ്വാതന്ത്ര്യം ഉണ്ട് എന്നും ചേർക്കുവാ

നുള്ള സ്വാതന്ത്ര്യം ഇല്ലെന്നുമാണ് പഠിപ്പിച്ചത്. മനുഷ്യർക്ക് സ്വാതന്ത്ര്യം ഉള്ളതിനാൽ സ്വയമായി ഏത് ആരാധനയോ, പഠിപ്പിക്കലോ ശ്രേഷ്ഠമാണോ അത് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ട്. ഈ മനുഷ്യാവകാശം ദൈവസ്വാതന്ത്ര്യം മനുഷ്യന് കൊടുത്തതിന്റെ ഫലമായുള്ളതാണ്. 'ഞാൻ വാതിൽക്കൽ നിന്ന് മുട്ടുന്നു ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ അവൻ എന്നോടും ഞാൻ അവനോടും കൂടെ അത്താഴം കഴിക്കും' (വെളി. 3:20) എന്ന വാക്യപ്രകാരം ഏതു മനുഷ്യനും സ്വയമായി ഉള്ളിൽ നിന്ന് വാതിൽ തുറന്നാലേ ദൈവം ഉള്ളിലേക്ക് വരികയുള്ളു. ഈ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്താണ് നിരീശ്വരന്മാരാകുന്നത്.

മതം എന്നാൽ അഭിപ്രായമെന്നേ അർത്ഥമുള്ളു. ആഴമായ സ്വാതന്ത്ര്യം മൃഗങ്ങൾക്കില്ലാത്തതും മനുഷ്യന് മാത്രം ഉള്ളതുമാണ്. ആകയാൽ മതംമാറ്റമാകുന്ന മതമൗലികവാദത്തിൽ നിന്ന് മനം മാറ്റമാകുന്ന മതാനുഭവത്തിലേക്ക് മനുഷ്യൻ മാറണം. മതം മാറ്റി സ്വന്തം മതത്തിൽ ചേർക്കേണ്ട ആവശ്യം ഇല്ല. കടലും കരയും ചുറ്റി മതം മാറ്ററുതെന്ന് ക്രിസ്തുതന്നെ പഠിപ്പിച്ചിട്ടുണ്ട്. അദ്വൈതദൈവം എല്ലാവരുടേയും ദൈവമാണ്. ഹിന്ദുവെന്നോ, ഇസ്ലാമെന്നോ, ക്രിസ്ത്യാനിയെന്നോ, ബുദ്ധനെന്നോ, പാർസിയെന്നോ വിവേചനമില്ല. അങ്ങനെയൊരു സ്നേഹമതത്തിന്റെ ഉത്ഭവത്തിനായി എല്ലാമനുഷ്യരും തയ്യാറാകുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. സ്നേഹമുണ്ടെങ്കിലേ സമാധാനമുണ്ടാകുകയുള്ളു. വർഗ്ഗീയതയും യുദ്ധവുമെല്ലാം സ്വാർത്ഥതകൊണ്ടുണ്ടാകുന്നതാണ്. മതമൗലികവാദികളെന്ന് പറയുന്നവരെല്ലാംതന്നെ എന്റെ മതത്തിൽ എല്ലാവരും ചേരണമെന്ന വർഗ്ഗീയവാദികളാണ്. മതംമാറ്റമല്ല സ്വാർത്ഥതയിൽ നിന്ന് മനസ്സുമാറി സ്നേഹമുണ്ടാകുന്നതാണ് എല്ലാ മതങ്ങളും മാനവരാശി മുഴുവനും ആഗ്രഹിക്കേണ്ടത്. ക്രിസ്തു സ്നേഹത്തിന്റെയും, മുഹമ്മദ് നബി സാഹോദര്യത്തിന്റെയും, കൃഷ്ണൻ ധർമ്മത്തിന്റെയും പ്രതീകമായിരുന്നു.

സനാതന ഹിന്ദുമതത്തെ ഇല്ലാതാക്കുവാൻ ഇസ്ലാംമതത്തിനോ, ക്രൈസ്തവമതത്തിനോ സാദ്ധ്യമല്ല. അതുപോലെതന്നെ തിരിച്ചും അസാദ്ധ്യമാണ്. മതങ്ങൾ മതങ്ങളെ ഇല്ലാതാക്കുമെന്നുള്ള ധാരണ അസ്ഥാനത്തും അടിസ്ഥാനരഹിതവുമാണ്. മതത്തിനുവേണ്ടി മരിക്കാൻ തയ്യാറായി നടക്കുന്നവരുണ്ട്. എന്നാൽ അതിലും പ്രധാനപ്പെട്ടതാണ് മതത്തിനുവേണ്ടി ജീവിക്കുന്നത്. ഓരോ മതത്തിന്റേയും അനുശാസനകളും ധാർമ്മിക സംഹിതകളും അനുസരിച്ച് ജീവിക്കാൻ ഓരോ മതഅനുയായികൾക്കും കഴിയണം. ഇത്തരം അനുയായികളെ ലഭിക്കുന്നതിൽ മതങ്ങൾ പരാജയപ്പെട്ടുകൊണ്ടിരിക്കുന്നു. മറിച്ച് മതഭ്രാന്തന്മാരും മതവിരോധികളുമാണ് ഇന്ന് മതത്തിനുള്ളിൽ സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. മതവേദങ്ങളും (ബൈബിളും, ഖുറാനും, ഗീതയും) മതാനുഷ്ഠാനങ്ങളുമെല്ലാം വ്യക്തിജീവിതത്തിൽ ദൃശ്യമാകണം.

വി. മർക്കോസിന്റെ 16-ൽ 'വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വാസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും' എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ പെന്തക്കോസ്തുകാർ പറയുന്നതുപോലെ സ്നാനമേൽക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്നു പറയുന്നില്ല. ക്രിസ്തുഭഗവാൻ ആവശ്യപ്പെടുന്നത് മാനവരാശിയുടെ മുഴുവൻ ശിഷ്യത്വമാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുഭഗവാന്റെ ഏറ്റവും വലിയ ദാനം നിങ്ങൾക്ക് സമാധാനം എന്നതാണ്. ഹിന്ദുമതത്തിൽ ഇതിനെ 'ഓം ശാന്തി' എന്നു പറയുന്നു. ഈ ശാന്തിയാണ് മാനവരാശിയുടെ ഏറ്റവും വലിയ ആവശ്യം. സ്നേഹമുണ്ടെങ്കിലേ ഈ സമാധാനം മതങ്ങളിലും സെക്കുലറിസത്തിലും ഉണ്ടാകുകയുള്ളു.

എന്റെ പുതിയഗ്രന്ഥത്തിന്റെ പേര് 'സ്നേഹകൂടാരം' എന്നതാണ്. ആ കൂടാരം മാനവരാശിയെ മുഴുവൻ ഉൾക്കൊള്ളുന്ന പുതിയ യരുശലേമാണ്. ആ കൂടാരത്തിൽ ഇളകാത്ത കുറ്റി ദൈവവും പൊട്ടാത്ത കയർ സ്നേഹിക്കുന്ന മനുഷ്യനുമാണ്. ഈ ദൈവവിശ്വാസംകൊണ്ടാണ് മനുഷ്യർ കുരങ്ങാകുന്ന മൃഗത്തിൽനിന്നും മനുഷ്യനാകുന്ന സൃഷ്ടിയുടെ മകുടത്തിലേക്ക് മാറുന്നത്.

## ഉപസംഹാരം

പേടിപ്പിക്കുന്ന ദൈവവിശ്വാസത്തിൽ നിന്ന് സ്നേഹിക്കുന്ന ദൈവവിശ്വാസത്തിലേക്കുള്ള മനംമാറ്റമാണ് യഥാർത്ഥ മതംമാറ്റം. എല്ലാവരും ക്രിസ്ത്യാനി ആകണമെന്നു പറയുന്നതും, എല്ലാവരും ഹിന്ദുക്കളാകണമെന്നുപറയുന്നതുമെല്ലാം ഒരുപോലെ മതമൗലികവാദമാണ്. അവരവരുടെ മതത്തിൽ അടിയുറച്ച ജീവിതം കെട്ടിപ്പടുക്കുവാനാണ് എല്ലാവരും ശ്രമിക്കേണ്ടത്. വർഗ്ഗീയതയും, തീവ്രവാദവും, മതം മാറ്റവും മതങ്ങളുടെ സൃഷ്ടിയല്ല. മറിച്ച് മതങ്ങളുടെ മറവിൽ അധികാര കസേരകളും ആനുകൂല്യങ്ങളും സുരക്ഷിതമാക്കുവാൻ ചിലർ നടത്തുന്ന പ്രവർത്തനങ്ങളുടെ സൃഷ്ടിയാണ്. ഉയർന്ന ബുദ്ധിവികാസത്തോടൊപ്പം ഉയർന്ന ആത്മീക വീക്ഷണംകൂടി ഉണ്ടാവണം. യാതൊരു മതത്തേയും ഉപദ്രവിക്കുകയില്ലെന്ന തീരുമാനം ഓരോ ഭാരതീയ പൗരനും ജീവിതത്തിൽ അനുവർത്തിക്കണം. ഓരോ മതാനുയായിയേയും വകവരുത്തുന്നത് ദൈവത്തെ ഹിംസിക്കുന്നതിന് തുല്യമാണെന്ന് തിരിച്ചറിയണം. ആ തിരിച്ചറിവ് അദ്വൈതദൈവവും, അള്ളാഹുവും, ബ്രഹ്മവും, സമ്മേളിക്കുന്ന ഒരു അദ്വൈത സ്നേഹമതം സൃഷ്ടിക്കുവാൻ ഇടയാവട്ടെ എന്ന് ആശംസിക്കുന്നു.

**ത്രിയേക ദൈവം എല്ലാവർക്കും ദൈവം**
**ഹിന്ദുവിനും മുസൽമാനും**
**ശ്രീയാർന്ന ദൈവം സ്നേഹാബ്ദി തന്നെ**
**നിത്യസത്യസ്നേഹരൂപി.**

**ഓം ശാന്തി... ശാന്തി... ശാന്തി...**

*St.Paul's Offset, Mavelikara*